കായംകുളം താപനിലയത്തിലെ കരാർ പണി

141 (924)ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിലെ കരാർ പണികളിൽനിന്നും നാട്ടുകാരെ ഒഴിവാക്കാൻവേണ്ടി എൻ.ടി.പി.സി. അവരെ പീഡിപ്പിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരാറുകാർക്ക് ചെയ്തുതീർത്ത പണികളുടെ പണം നൽകാതെതടഞ്ഞുവയ്ക്കുന്നതായ പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) കരാറുകാർ പണം കിട്ടാത്തതുമൂലം താപനിലയത്തിനു മുന്നിൽ സത്യാഗ്രഹം അനുഷ്ഠിക്കുന്നകാര്യം ഗവൺമെന്റിന് അറിവുണ്ടോ;

(ഡി) എങ്കിൽ പ്രശ്നം പരിഹരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)&(സി) ചില കോൺട്രാക്ട് ബില്ലുകൾ തടഞ്ഞുവച്ചതായും, ചെയ്തുതീർത്ത പണികളുടെ തുക നൽകിയില്ലെന്നും ആരോപിച്ചുകൊണ്ട് മെസേഴ്സ് രാഹുൽ കൺസ്ട്രക്ഷൻസ് എന്ന കോൺട്രാക്ട് ഏജൻസിയുടെ ഡയറക്ടർമാരിലൊരാൾ എൻ.ടി.പി.സി. താപനിലയത്തിനുമുന്നിൽ നിരാഹാര സത്യാഗ്രഹം അനുഷ്ഠിച്ചുവരുന്നുണ്ട്.

(ഡി) പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർ ബന്ധപ്പെട്ടവരുമായി സംസാരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ എൻ.ടി.പി.സി. അധികൃതർ കോൺട്രാക്ട് ഏജൻസിയുമായി ചർച്ച ചെയ്തുവരികയുമാണ്.

മഞ്ചേശ്വരം മണ്ഡലത്തിലെ സബ്സ്റ്റേഷനുകളുടെ നിർമ്മാണം

142 (925) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ അനന്തപുരം, പെർള, ബേക്കൂർ 33 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തനം എന്ന് ആരംഭിക്കും;

(ബി) ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഓരോ സബ്സ്റ്റേഷനും നിർമ്മാണത്തിനായി കണക്കാക്കിയിട്ടുള്ള തുക എത്രവീതമാണ് എന്ന് അറിയിക്കാമോ?

ഉത്തരം

(എ)&(ബി)ഈ സബ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമെടുപ്പ് പൂർത്തിയായാൽ നിർമ്മാണമാരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly